


# ജാലകങ്ങൾ പൂക്കുമ്പോൾ

ജി. എച്ച്. എസ്. എസ്. പാങ്ങ്

# സമർപ്പണം

**ലോകത്താകെ വ്യാപിക്കുന്ന**
**കോറോണ വൈറസ് ബാധയേറ്റ് മരണമടഞ്ഞവർക്ക് മുന്നിൽ**



# ജി എച്ച് എസ് പാങ്ങ്
# വിദ്യാലയം പ്രതിഭകളിലേക്ക്

അഭിലാഷ് 9 ബി

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക പദ്ധതിയായ വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പ്രോഗ്രാമിന്റെ ഭാഗമായി പാങ്ങ് ഗവ. ഹയർ സെകന്ററി വിദ്യാലയത്തിൽ നിന്നും പാങ്ങ് അമ്പലപറമ്പ് പ്രദേശത്തെ മൂന്ന് വിത്യസ്ത മേഖലകളിലെ പ്രതിഭകളെ ആദരിച്ചു. സാഹിത്യ രംഗത്തെ പ്രതിഭ ശ്രീമതി. ബിന്ദു ടീച്ചർ, നൃത്തരംഗത്ത് മികവ് തെളിയിച്ച ശ്രീ. നിഷാദ് മാസ്റ്റർ , വിദ്യാർത്ഥിയായിരിക്കെ തന്നെ പാങ്ങിന്റെ കാർഷിക രംഗത്ത് വിപ്ലവകരമായ മാതൃകകൾ സംഭാവന ചെയ്ത ശ്രീ. അഭിലാഷ് എന്നിവരേയാണ് വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും നേതൃത്വത്തിലുള്ള വിവിധ ഗ്രൂപ്പുകളായി വീടുകളിൽ സന്ദർശനം നടത്തി ആദരിച്ചത്. വിദ്യാലയത്തിലെ കുട്ടി പ്രതിഭകളായ വിദ്യാർത്ഥികൾക്ക് നവ്യാനുഭവം പകരുന്നതായിരുന്നു വിദ്യാലയം പ്രതിഭകളിലേക്ക് എന്ന് ഈ പദ്ധതി.

1 അഭിലാഷ് (കാർഷിക രംഗം)

വിദ്യാലയം പ്രതിഭയോടൊപ്പം പദ്ധതിയുടെ ഭാഗമായി GHSS പാങ്ങ് പ്ലസ് വൺ വിദ്യാർത്ഥിയും കർഷക പ്രതിഭയുമായ അഭിലാഷിനെ വിദ്യാർത്ഥികളും അധ്യാപകരും വീട്ടിലെത്തി ആദരിച്ചു. കുറുവ പഞ്ചായത്ത് നൽകുന്ന കുട്ടി കർഷകൻ അവാർഡ് ,കൃഷി വകുപ്പ് നൽകുന്ന അവാർഡിൽ ജില്ലയിൽ മൂന്നാം സ്ഥാനം തുടങ്ങി വിവിധ പുരസ്കാരങ്ങൾ അഭിലാഷ് നേടിയിട്ടുണ്ട്

കൃഷി ചെയ്യാനുള്ള താല്പര്യം, കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വളപ്രയോഗം, കീടനിയന്ത്രണം, ജലസേചനം എന്നിവയെക്കുറിച്ചുള്ള കുട്ടികളുടെ ചോദ്യങ്ങൾക്ക് തന്റെ അനുഭവങ്ങൾ പങ്കിട്ടു കൊണ്ട് മറുപടി നൽകി. തുടർന്ന് സ്ഥലപരിമിതി മൂലം വീടിന്റെ ടെറസ്സിലെ കൃഷി, പാട്ടത്തിനെടുത്ത പാടത്ത് ചെയ്യുന്ന ചീര, പയർ, കപ്പ, കൊള്ളിക്കിഴങ്ങ്, കൊട്ടുവേലി എന്നീ കൃഷികൾ സന്ദർശിച്ചു.

സ്കൂളിലെ അടുക്കളത്തോട്ടത്തിലേക്ക് തന്റെ തോട്ടത്തിൽ നിന്നും ചീരതൈകൾ കൈമാറി കൊണ്ട് അഭിലാഷ് മാതൃകയായി. അധ്യാപകരായ അനൂപ്, സീമ, ബേബി മുബാറക്ക, വിദ്യാർത്ഥികളായ ഷിഫ് ല ജാസ്മിൻ, ഷിഫ് ല ഷെറിൻ, അക്ഷയ് , സുദേവ്, അജയ് കൃഷ്ണ, ഷാന, വൈശാഖ്, അസ്ന ,മുർഷിദ, റിൻഷ, ഫസ്ന ,ഫസീല എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.





2 നിഷാദ് മാസ്റ്റർ (നൃത്താധ്യാപകൻ)

എട്ട് വർഷത്തിലതികമായി പാങ്ങ് പ്രദേശത്ത് വിവിധ നൃത്തകലാരൂപങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന നൃത്താധ്യാപകനാണ് ശ്രീ. നിഷാദ് മാസ്റ്റർ. ഒരു സാധാരണ കാർഷിക കുടുംബത്തിൽ നിന്ന് പല പ്രായാസങ്ങളും അതിജീവിച്ചാണ് അദ്ദേഹം ഈ രംഗത്ത് എത്തിയത്. ഇന്ന് ധാരാളം വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ കീഴിൽ നൃത്തം പരിശീലിക്കുന്നുണ്ട്.

ചടങ്ങിൽ ശ്രീ രാംദാസ് മാസ്റ്റർ നിഷാദ് മാസ്റ്ററെ പൊന്നാട അണിയിച്ച് ആദരിച്ചു. ഈ രംഗത്തേക്ക് കടന്നുവരാനുള്ള സഹാചര്യങ്ങളും തന്റെ അനുഭവങ്ങളും വിദ്യാർത്ഥികളുടെ വിവിധ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് സംവദിച്ചു. ടി അബ്ദുള്ള പദ്ധതിയെ കുറിച്ച് വിശദീകരിച്ച് സംസാരിച്ചു. സുനിത, ദിവ്യ, മുബാറക്ക, സലീന, , സീമ, യാസർ അറഫാത്ത് ഫസൽ. തുടങ്ങിയ അധ്യാപകരുടേയും സ്കൂളിലെ വിദ്യാർത്ഥി പ്രതിഭകളായ വൈശാഖ്, അഭിജിത്ത്, അദ്വൈഷ, ഷാന, നന്ദന ഹസ്ന ഷെറിൻ, ഷിഫ്ന ഷെറിൻ, ഫാർഷിദ ഗോപിക, എന്നിവരുടേയും നേതൃത്വത്തിൽ അദ്ദേഹത്തിന്റെ വീട്ടിലെത്തിയാണ് ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചത്.




കൂടാതെ അധ്യാപികയും സാഹിത്യ പ്രതിഭയുമായ ശ്രീമതി ബിന്ദു ടീച്ചറേയും ഈ പദ്ധതിയുടെ ഭാഗമായി ആദരിച്ചു. വിദ്യാർത്ഥി ജീവിതത്തിൽ തന്നെ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിച്ചതിന്റേയും വിവിധ സാഹിത്യ പ്രസിദ്ധീകരണങ്ങളിൽ കഥകളും കവിതകളും അച്ചടിച്ച് വന്നതിന്റേയും അനുഭവങ്ങൾ അവർ കുട്ടികളുടെ വിവിധ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് വിവരിച്ചു.




# ഒരു വഴിയാത്ര

നന്ദന കൃഷ്ണ സി , എട്ട് ബി

എനിക്ക് മറക്കാൻ കഴിയാത്ത ഒരു അനുഭവത്തിലേക്ക് ഞാൻ നിങ്ങളേയും കൂട്ടുകയാണ്. ഒരിക്കൽ ഞാൻ പട്ടണത്തിലേക്കുള്ള യാത്രയിലായിരുന്നു.അപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്. റോഡ് മുറിച്ച് കടക്കാൻ പ്രയാസപ്പെട്ട് ഒരു മുത്തശ്ശി നിൽക്കുന്നു. ആരും അവരെ ശ്രദ്ധിക്കാതെ കടന്ന് പോവുകയാണ്. ഞാൻ വളരെ സങ്കടത്തോടെ കുറിച്ച് സമയം മുത്തശ്ശിയെ നോക്കി നിന്നു. വാഹനങ്ങൾ ചീറിപാഞ്ഞ് പോകുന്നു. എല്ലാവരും തിരക്കിലാണ് മുത്തശ്ശിയെ സഹായികാൻ ആർക്കാണ് നേരം...

ഞാൻ റോഡ് മുറിച്ച് കടന്ന് മുത്തശ്ശിക്ക് അടുത്തേക്ക് എത്തി. മുത്തശ്ശി വളരെ ദയനീയമായി എന്നെ നോക്കി.ആ നോട്ടത്തിൽ എല്ലാം ഉണ്ടായിരുന്നു. ഞാൻ എന്റെ ബാഗിൽ നിന്ന് വെള്ളകുപ്പി എടുത്ത് മുത്തശ്ശിക്ക് കുറച്ച് വെള്ളം കുടിക്കാൻ നൽകി. ശേഷം മുത്തശ്ശിയെ റോഡ് മുറിച്ച് കടക്കാൻ സഹായിച്ചു. ആ മുത്തശ്ശിയുടെ പല്ലില്ലാത്ത മോണകാട്ടിയുള്ള ഒരു ഗംഭീര ചിരിയും എനിക്ക് സമ്മാനമായി ലഭിച്ചു. ഈ സംഭവം ഒരിക്കലും മറക്കാൻ കഴിയാത്ത രംഗമായി എന്നും മനസ്സിലുണ്ടാകും ഉറപ്പ്.

# എന്റെ യാത്ര അനാഥാലയത്തിലേക്ക്

*ഷാന 9 ബി*

ഞാൻ അവധിക്കാലങ്ങളിൽ എന്റെ അമ്മയും വിരുന്ന പോയിരുന്ന അമ്മയുടെ വീട് മേലാറ്റൂരാണ്. അവിടെ അമ്മയുടെ ചെറിയമ്മയും ചെറിയച്ചനും പിന്നെ രണ്ട്മക്കളും മീത്തയാളുടെ ഭാര്യയും 2017 ലെ ക്രസ്തുമസിന് ഞാനും അവരും ഉണ്ടായിരുന്നു.അല്ലെങ്കിൽ എല്ലാ ആഘോഷങ്ങൾക്കും എല്ലാവരും ഒത്തുകൂടുമായിരുന്ന പക്ഷേഇതിൽ ഞാൻ മാത്രമേ പോയിരുന്ന അപ്പോൾ നങ്ങൾ ഒരു വിനോദമായി ടെനിൽ തൃശ്ശീർ ജില്ലയിലേക്ക് പോയി അവിടെയുള്ള മൃഗശാലയിലേക്ക് പോയി അതുകഞ്ഞ് അനാഥാലയത്തിലേക്ക് പോയി.അവിടെ എൻെറപ്രയത്തിലുള്ള കുട്ടികളും അതുപോലെ മുതിർന്നവരും താഴന്ന പ്രയക്കാരും ഉണ്ടായിരുന്ന . അവരുടെ ദു:ഖങ്ങൾ അറിയുവാൻ ആരുമില്ലല്ലോ? എന്നും എന്നാൽ അവരേക്കാൾ എത്തുകൊണ്ടു സന്തുഷ്ടമാണ്എൻെറ ജീവിതം എന്ന് ഞാൻ ഓർത്തു എന്നെ സ്നേഹിക്കാൻ എൻറെ മാതാപിതാക്കളെങ്കിലും ഉണ്ട് . അവർക്കോ? എന്ന് ഞാൻ ഓർത്തു എൻറെ ജീവിതത്തിൽ ഞാൻ ഇത് മറക്കുകയില്ല കാരണം ഈ കുട്ടികളെ ഓർത്ത് കഴിഞ്ഞാൽ അവരുടെ ദ:ഖം നമുക്കും മനസ്സിലാകും.

# മഴ വരമ്പ്

ലിജി എൻ ക്ലാസ് 9

എനിക്ക് മഴ ഇഷ്ടമാണ് മൂന്നു നാലു വർഷങ്ങൾക്കു മുമ്പൊരു മഴക്കാലത്തു അന്ന് ചെറുതായി കാററും മഴയുമുള്ള അവസരവുമുണ്ടായിരുന്നു. ഞാൻ കടയിലേക്കു പോകാൻ നില്ക്കുകായാണ് മഴ പെയ്യുമോ എന്ന് വച്ച് കുട കൈയ്യിൽ കരുതി . പാടത്തിലൂടെയാണ് വരുക. നല്ല കാററായതിനാൽ നെൽചെടികളെല്ലാം ആടിയുലയുന്നു. പാടത്തുനിന്നു ജലജീവികളുടെ ശബ്ദങ്ങൾ കേൾക്കുന്നു. കാററു വീശുന്നതിനാൽ കുട നിവർത്തിയെ പററു. കൂടെ ചേച്ചിയുള്ളതിനാൽ കുട നിവർത്തിയില്ലെൻകിൽ വഴക്കു പറയും. അതിനാൽ കുട നിവർത്തി. ഞാൻ പാടവരമ്പിലൂടെ നടക്കാൻ തുടങ്ങി . കാററിന്റെ ശക്തി പതുക്കെ കൂടിവന്നു. കുടയെ ഞാൻ വിടാതെ മുറുക്കെ പിടിച്ചു. അങ്ങനെ തോട്ടിൻ വരമ്പിലൂടെ എന്റെ യാത്രു തുടർന്നു .

# യാത്രാനുഭവക്കുറിപ്പ്

നന്ദന എം 9 ബി

സ്കൂൾ ലീവ് ആയപ്പോൾ ഞാനും അച്ഛനും അമ്മയും അനിയന്മാരും കൂടി എന്റെ അച്ഛന്റെ വീട്ടിലേക്ക് പോവുകയായിരുന്നു.അച്ഛന്റെ വീട് തമിഴ് നാടാണ്.രാത്രിയായി വീട്ടിലേക്ക് പോകോൻ ബസ്സ് ഒന്നും കിട്ടിയില്ല.ചെറിയമ്മന്റെ വീട്ടിലേക്ക് പോകാം. ചെറിയമ്മുടെ വീട്ടിലേക്ക് പോകാൻ 9.00 ന് ഒരു ബസ്സുണ്ട്.ഇപ്പൊ 8.00 ആയിട്ടുള്ളു . ഇനിയും കുറെ സമയമുണ്ട് . ഞങ്ങൾ ചെറിയമ്മയുടെ വീട്ടിൽ പോയി രാവിലെ അമ്പലത്തിലേക്ക് പോവാനാണ് തീമാനിച്ചത്. ഞങ്ങൾ ആദ്യമായിട്ട് പോവുകയാണ് ആ അമ്പലത്തിലേക്ക് അച്ഛൻ അമ്പലത്തിനെപ്പറ്റി കുറെ പറഞ്ഞു തന്നു. എന്റെ അച്ഛൻ ഒരു പ്രാവശ്യം ആ അമ്പലത്തിലേക്ക് പോയിട്ടുണ്ട്. ഒമ്പതരയായി ബസ്സ് ഒന്നും വരുന്നില്ല. കുറച്ചു സമയം കഴിഞ്ഞപ്പോൾ ബസ്സ് വരുന്നുണ്ട്. ചെറിയമ്മയുടെ വീട് ഒരു പാടത്താണ് ഞങ്ങൾ കുറെ നടന്നു അവിടെ നല്ല തണുപ്പാണ്. ഞങ്ങൾ ചെറിയമ്മയുടെ വീട്ടിലെത്തി. രാവിലെ ആയപ്പോൾ നല്ല ഭംഗി ഇന്നലെ രാത്രി ശരിക്കും കണ്ടില്ല.ഒരു കുഞ്ഞു വീട് ഓല കൊണ്ടുള്ള വീടായിരുന്നു.ഞങ്ങൾ രാവിലെ തന്നെ പുറപ്പെട്ടു. ഹനുമാൻതീർത്ഥം എന്ന അമ്പലത്തിലേക്ക് ആയിരുന്നു പോയത്. അവിടുന്ന് തന്നെ കുളിച്ച് തൊഴ്ത് പുറത്തേക്ക് ഇറങ്ങി. അങ്ങനെ ഞങ്ങൾ തീർത്ഥ മല എന്ന അമ്പലത്തിലേക്ക് പോയി. ഞങ്ങളുടെ ബാഗ് ഒക്കെ ഒരു കടയിൽ വച്ചു. അവിടുവന്ന് പഴവും ചന്ദനത്തിരിയും ഒക്കെ വാങ്ങി. ഒരു മലയുടെ മുകളിലാണ് ആ അമ്പലം. കുറെ നടക്കണം അമിടെ കുരങ്ങന്മാർ ഉണ്ട് . ഞങ്ങൾ അമ്പളത്തിൽ എത്തി. കുറെ ആളുകൾ ഉണ്ട്

# ആവേശമായി പുതുവത്സരാഘോഷം

പാങ്ങ് ഗവ ഹെസ്കൂളിലെ വിദ്യാർഥികൾ ഒത്തൊരുമയോടെ രണ്ടായിരത്തി ഇരുപത് വർഷത്തെ വരവേറ്റു. മൂന്നാം പിരേഡിലായിരുന്നു ക്ലാസ്റൂമിലെ കേക്ക് മുറിച്ചുള്ള ന്യൂഇയർ ആഘോഷം. എല്ലാ ക്ലാസിലും ക്ലാസ് ടീച്ചർറുടേയും വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ ഐക്യത്തോടും സന്തോഷത്തോടും ഐശ്വര്യത്തോടും പുതുവത്സരാഘോഷങ്ങൾ നടന്നു. അതോടൊപ്പം തന്നെ മികച്ച പഠന പ്രവർത്തനങ്ങളോടെയും അച്ചടക്കത്തോടെയും ആയി തീരട്ടെ രണ്ടായിരത്തി ഇരുപത് വർഷം എന്ന സന്ദേശം നൽകിയാണ് കേക്ക് മുറിച്ചത്. ഓർഡർ ചെയ്ത കേക്ക് കിട്ടാൻ വൈകിയത് കാരണം ചില ക്ലാസിൽ ന്യൂഇയർ ആഘോഷം ഉച്ചക്ക് ശേഷമാണ് നടന്നത് എന്ന് ഐടി ബ്ലോക്കിലെ ഞങ്ങളുടെ പ്രതിനിധി റിപ്പോർട്ട് ചെയ്തു. ആഘോഷത്തിന്റെ ഭാഗമായി ക്ലാസ് തലത്തിൽ നടത്തിയ ട്രഷർ ഹണ്ട് മത്സരം വളരെ ആവേശം നിറഞ്ഞതും കുട്ടികൾക്ക് നവ്യാനുഭവം പകരുന്നതുമായിരുന്നു. മത്സരത്തിൽ പത്ത് ഇ ക്ലാസിനെ വിജയികളായി പ്രഖ്യാപിച്ചു.

## നൂറ് ശതമാനം വിജയം ആവർത്തിക്കാൻ പത്താം ക്ലാസുകാർ ഒരുങ്ങുന്നു

രണ്ടായിത്തി ഇരുപതിലെ എസ് എസ് എൽ സി പരീക്ഷയിലും നമ്മുടെ വിദ്യാലയത്തിന് നൂറ് ശതമാനം വിജയം നൽകാൻ പത്താം ക്ലാസ് വിദ്യാർത്ഥികൾ ഒരുങ്ങുന്നു.ഇവർക്കുള്ള പ്രത്യേക കോച്ചിംഗ് ക്യാമ്പ് പരിശീലനം ജനുവരി ആറിന് തന്നെ ആരംഭിച്ചു. രാവിലെ ഒമ്പത് മണി മുതൽ ആരംഭിക്കുന്ന പഠനക്യാമ്പിൽ പാഠഭാഗങ്ങളുടെ റിവിഷൻ, വിവിധ തരത്തിലുള്ള ചോദ്യ മാതൃകളുടെ പരിചയപ്പെടൽ , അതിഥി ക്ലാസുകൾ എന്നിവ നടക്കും. ഈ വർഷം 230 വിദ്യാർത്ഥികളാണ് പരീക്ഷക്ക് തയ്യാറെടുക്കുന്നത്.

# ഇന്ത്യയിലെ പ്രധാന ഭാഷകൾ (പഠനം)

## മലയാളം

ഇന്ത്യയിൽ പ്രധാനമായും കേരളത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മാഹിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇതു ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മേയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത് .

ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി, മലനാട്ട് ഭാഷ എന്നും അറിയപ്പെടുന്നു. കേരളത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം.

## ഹിന്ദി हिन्दी

ഇന്ത്യയിൽ കേന്ദ്രസർക്കാറിന്റെയും ഉത്തര-മദ്ധ്യ ഭാരതത്തിലെ പല സംസ്ഥാനസർക്കാറുകളുടെയും ഔദ്യോഗികഭാഷയാണ് ഹിന്ദി. ഗുജറാത്തി, ബംഗാളി, പഞ്ചാബി, നേപ്പാളി, ഉർദു മുതലായ ഭാഷകളോട് അടുത്ത ബന്ധം ഈ ഇന്തോ-യൂറോപ്യൻ ഭാഷക്കുണ്ട്. ദേവനാഗരി ലിപിയാണ് ഹിന്ദി ഉപയോഗിക്കുന്നത്. ഇതിനു പുറമെ നേപ്പാളിലും മറ്റു പല രാജ്യങ്ങളിലും ഹിന്ദി സംസാരിക്കുന്നവരുണ്ട് .

എല്ലാ വർഷവും സെപ്റ്റംബർ 14 ദേശീയ ഹിന്ദി ദിവസ് (ദേശീയ ഹിന്ദി ദിനം) ആയി ആചരിക്കുന്നു. ഹിന്ദി ഔദ്യോഗിക ഭാഷയായി സ്വീകരിച്ച ദിവസമാണ് സെപ്റ്റംബർ 14. രാഷ്ട്രഭാഷാ ദിവസ്, സമ്പർക്ക ഭാഷാ ദിവസ്, രാജ്യഭാഷാ ദിവസ് എന്നീ പേരുകളിലും ഈ ദിനം അറിയപ്പെടുന്നു

## ഉർദു اردو

ഇന്ത്യയിലെ ഒരു ഔദ്യോഗികഭാഷയാണ് ഉർദു. ദില്ലിയിലെ സുൽത്താൻ വംശത്തിന്റെ കാലത്ത് അപഭ്രംശ ഭാഷകളിൽ നിന്നും രൂപാന്തരപ്പെട്ടതും മുഗളരുടെ കാലത്ത് പേർഷ്യൻ, അറബി, തുർക്കിഷ് എന്നീ ഭാഷകളുടെ സ്വാധീനത്താൽ വികാസം പ്രാപിച്ചതുമായ ഭാഷയാണ് ഉർദു. ഹിന്ദിയുമായി വളരെയേറെ സാമ്യമുണ്ടെങ്കിലും അറബി ലിപിയുമായി സാമ്യമുള്ള ലിപി ഉപയോഗിക്കുന്ന ഉർദുവിൽ പേർഷ്യൻ, അറബി എന്നിവയുടെ സ്വാധീനം വളരെ പ്രകടമായി കാണപ്പെടുന്നു.

ഭാരതത്തിൽ ഏകദേശം കോടിക്കണക്കിനാളുകളുടെ മാതൃഭാഷയാണ് ഉർദു. ആന്ധ്രാപ്രദേശ്, ബീഹാർ, ദില്ലി, ജമ്മു കാശ്മീർ, മധ്യ പ്രദേശ്, ഉത്തർപ്രദേശ്, കർണാടക, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ എല്ലാം കൂടുതലായും സംസാരിച്ചുവരുന്നത് ഉർദുവാണ് .

**സംസ്കൃതം संस्कृतम्**

ലോകത്തിലെ പ്രാചീനമായ ഭാഷകളിൽ ഒന്നാണ് സംസ്കൃതം. ദേവഭാഷ, ഭാരതി, അമൃതഭാരതി, അമരഭാരതി, സുരഭാരതി, അമരവാണി, സുരവാണി, ഗീർവാണവാണി, ഗീർവാണി, ഗൈർവ്വാണി, ദേവവാണി തുടങ്ങിയ പേരുകളിലും സംസ്കൃത ഭാഷ അറിയപ്പെടുന്നു. ഋഗ്വേദം ആണ് സംസ്കൃതത്തിലെ ആദ്യത്തെ കൃതിയായി കണക്കാക്കപ്പെടുന്നതെങ്കിലും സിറിയയിലാണ് സംസ്കൃതം ആദ്യമായി രേഖപ്പെടുത്തപ്പെട്ടത് എന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. പല വിജ്ഞാനശാഖകളും സംസ്കൃതഭാഷാ മാധ്യമത്തിലൂടെയാണ് പ്രാചീന ഇന്ത്യയിൽ പ്രചരിക്കപ്പെട്ടിരുന്നതും വികാസം പ്രാപിച്ചിരുന്നതും. സംസ്കൃതം ഇന്ത്യയിലെ 22 ഔദ്യോഗിക ഭാഷകളിൽ ഒന്നാണ്.

**തമിഴ് தமிழ்**

ഒരു ഉദാത്ത ഭാഷയും (Classical language) ദ്രാവിഡ ഭാഷകളിലെ ഒരു പ്രധാനപ്പെട്ട ഭാഷയും ആണു് തമിഴ്. ഇന്ത്യ (പ്രധാനമായും തമിഴ്നാട്ടിൽ), ശ്രീലങ്ക, മലേഷ്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ ആണ് ഈ ഭാഷ പ്രധാനമായും സംസാരിക്കപ്പെടുന്നത്. മറ്റു പല രാജ്യങ്ങളിലും ഈ ഭാഷ സംസാരിക്കുന്ന ഒരു ന്യൂന പക്ഷം ഉണ്ട്. 1996 ലെ കണക്കനുസരിച്ച് ലോകത്താകെ 7.4 കോടി ആളുകൾ സംസാരിക്കുന്ന തമിഴ് ഭാഷയ്ക്ക് സംസാരിക്കുന്നവരുടെ എണ്ണത്തിൽ 18-ആം സ്ഥാനമുണ്ട്. ഇന്ത്യ, ശ്രീലങ്ക, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ ഇതൊരു അംഗീകൃത ഭാഷ ആണ്.

ഏതാണ്ട് 2000 വർഷത്തെ ഇടമുറിയാത്ത സാഹിത്യ പാരമ്പര്യം ഉള്ള ഒരു അപൂർവ്വ പൗരാണിക ഭാഷയാണ് തമിഴ്.

**അറബി العربية**

അറേബ്യൻ ഭൂപ്രദേശത്ത് സംസാരിക്കുന്നതും സെമിറ്റിക് ഭാഷാ കുടുംബത്തിൽപെടുന്നതുമായ ഒരു ഭഷയാണ് അറബി. ഹീബ്രു, അറാമിക് ഭാഷകളും ഇതേ കുടുംബത്തിൽപെട്ടതാണ്. സെമിറ്റിക് ഭാഷകളിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഭാഷ അറബി മാത്രമാണ്. ലോകത്ത് 25 കോടി ജനങ്ങൾ അവരുടെ മാതൃഭാഷയായി അറബി ഉപയോഗിക്കുന്നു. അനേകം പേർ തങ്ങളുടെ പ്രഥമഭാഷ അല്ലെങ്കിൽ കൂടി അറബി സംസാരിക്കുന്നുണ്ട്. അറബ്‌ലോകത്ത് ധാരാളം ഉപഭാഷകളും നിലവിലുണ്ട്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിങ്ങനെ ലോകത്തെ എല്ലാ ഭാഷകളും അറബിയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്.

**കന്നഡ ಕನ್ನಡ**

ദ്രാവിഡ ഭാഷകളിലെ പ്രമുഖമായ ഒരു ഭാഷയും ഇന്ത്യയിലെ പുരാതനമായ ഭാഷകളിൽ ഒന്നുമാണ് കന്നഡ. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ എന്ന നിലയിൽ 29-ആം സ്ഥാനമാണ് കന്നഡയ്ക്ക് ഉള്ളത്. 2011 ലെ കാനേഷുമാരി അനുസരിച്ച് ലോകത്ത് ഒട്ടാകെ 6.4 കോടി ആളുകൾ ഈ ഭാഷ സംസാരിക്കുന്നു എന്നു കരുതുന്നു.

കർണാടകത്തിലെ പ്രധാനഭാഷയും ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നും ആണ് കന്നഡ. കദംബ ലിപിയിൽ നിന്ന് രൂപപ്പെട്ട കന്നഡ ലിബി ഉപയോഗിച്ചാണ് ഈ ഭാഷ എഴുതുന്നത്. കന്നഡയിലെ എഴുത്തിന്റെ മാതൃകകൾക്ക് ആയിരത്തി അഞ്ഞൂറോളം വർഷങ്ങളുടെ പഴക്കമുണ്ട്.

## മനസ്സിലുണ്ടയൊരു വിങ്ങൽ

ശലബ 9

എനിക്ക് മറക്കാൻ കഴിയാത്ത ഒരു ദിവസം എന്റെ ജീവിതത്തിലുണ്ടായിരുന്നു. അത് എന്തെന്നു വെച്ചാൽ എന്റെ പ്രിയ സുഹുർത്ത് എന്നോട് തെറ്റി .തെറ്റാനുള്ള കാരണമെന്താണെന്ന് എനിക്കറിയില്ല.എത്ര ചോദിച്ചിട്ടും എന്റെ സുഹുർത്ത് എന്നോടത് പറയാൻ തയ്യാറായില്ല.ഞാൻ ഒരു തെറ്റും അറിഞ്ഞുകൊണ്ട് എന്റെ സുഹുർത്തി നോട് ചെയ്യിട്ടില്ല . എന്റെ സുഹുർത്ത് എന്നോട് തെറ്റി നിന്നപ്പോൾ എനിക്ക് വെളരെ അധികം സങ്കടമായി.ഈ ഒരു കാരണത്താൽ ഞാൻ കുറയെ കണ്ണീരൊഴിക്കിട്ടുണ്ട്. അത്രമാത്രം സൗഹൃദത്തിലായിരുന്നു ഞങ്ങൾ രണ്ടുപേരും. വീട്ടിലിരുന്ന് ഞാൻ കുറയെ ആലോചിച്ചു എന്ത്കാരണത്താലാണ് തെറ്റിയെന്ന് പക്ഷേ എനിക്ക് അതിന്റെ ഉത്തരം കിട്ടിയില്ല . സുഹുർത്തിനോട് തെറ്റിയതുമുതൽ മനസ്സിനൊരു വിങ്ങലായിരുന്നു.സക്കൂൾ തുറന്ന ദിവസം എനിക്ക് ആ കുട്ടിയെ അറിയുകപോലുമുണ്ടായിരുന്നില്ല. പക്ഷേ ഞങ്ങൾ എങ്ങനെയോ സൗഹൃദം പുലർത്തി. അന്നു മുതൽ എനിക്ക് ആ കുട്ടിയൊരു സുഹൃത്തായിമാറി. എപ്പോഴും കളിച്ചുചിരിച്ചു നടന്നിരുന്ന ഞങ്ങൾ പിരിയേണ്ട അവസ്ഥ ഉണ്ടായിരുന്നു. ഞങ്ങൾ പരസ്പരം എല്ലാകാര്യംങ്ങളും പങ്കുവെക്കാറുണ്ടായിരുന്നു. ഞാൻ ചോദിച്ചു. പറയാത്ത കാര്യം വേറെയൊരു സുഹൃത്തിനെ വിട്ട് ചോദിപ്പിച്ചു.അപ്പോൾ എൻെറ സുഹൃത്തു പറഞ്ഞുവിട്ടകാര്യം എന്നെ ആ കുട്ടിക്ക് അറിയുക പോലുമില്ലന്നാണ്. അപ്പോൾ എനിക്കുണ്ടായ വിഷമം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

# കലം കാ സിപാഹി

## പ്രേംചന്ദ്

(ഫാത്തിമ , ഹിന്ദി അധ്യാപിക)

പ്രേംചന്ദ് (യഥാർത്ഥ നാമം: ധൻപത് റായ് ശ്രീവാസ്തവ) വാരണാസിക്ക് അടുത്തുള്ള ലംഹി എന്ന സ്ഥലത്താണ് ജനിച്ചത്. ഒരു തപാൽ ഓഫീസിൽ ഗുമസ്തനായിരുന്നു പ്രേംചന്ദിന്റെ പിതാവ്. പ്രേംചന്ദിന് ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ടു. അമ്മ പ്രേംചന്ദിന് 7 വയസ്സുള്ളപ്പോഴും പിതാവ് പ്രേംചന്ദ് ഒരു 14 വയസ്സുള്ള വിദ്യാർത്ഥി ആയിരുന്നപ്പോഴും മരിച്ചുപോയി. തന്റെ രണ്ടാനമ്മയുടെയും രണ്ടാനമ്മയിലുള്ള സഹോദരങ്ങളുടെയും ചുമതല പ്രേംചന്ദിന്റെ ചുമലിലായി.

തന്റെ ജീവിതത്തിന്റെ ആരംഭം മുതലേ പ്രേംചന്ദ് കൊടിയ ദാരിദ്ര്യം അനുഭവിച്ചു. ഒരു വക്കീലിന്റെ കുട്ടിക്ക് പാഠങ്ങൾ പഠിപ്പിച്ച് പ്രേംചന്ദ് മാസം 5 രൂപ വരുമാനം സമ്പാദിച്ചു. വളരെ കഷ്ടപ്പെട്ട് മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ച പ്രേംചന്ദ് മാസം 8 രൂപ ശമ്പളത്തിൽ ഒരു അദ്ധ്യാപകനായി പ്രവേശിച്ചു. പിന്നീട് പ്രേംചന്ദ് യുണൈറ്റഡ് പ്രോവിൻസസ് ഓഫ് ആഗ്രാ

ആന്റ് ഔധ് എന്ന പ്രദേശത്തെ വിദ്യാലയങ്ങളുടെ ഡെപ്യൂട്ടി സബ്-ഇൻസ്പെക്ടർ ആയി.

1910-ൽ ജാമിർപൂർ ജില്ലാ മജിസ്ട്രേറ്റ് പ്രേംചന്ദിനെ സോസ്-എ-വതൻ (ഒരു രാഷ്ട്രത്തിന്റെ വിലാപം) എന്ന തന്റെ ചെറുകഥകളുടേ സമാഹാരം പ്രസിദ്ധീകരിച്ചതിന് ശാസിച്ചു. ഈ കൃതി വിപ്ലവോദ്ദേ്യതകം (seditious) എന്ന് മുദ്രകുത്തപ്പെട്ടു. ഈ കഥാസമാഹാരത്തിലെ ആദ്യത്തെ കഥ ദുനിയാ കാ സബ്സേ അന്മോൽ രതൻ (ലോകത്തിലെ ഏറ്റവും അമൂല്യരത്നം) എന്ന കഥയായിരുന്നു, പ്രേം ചന്ദിന്റെ അഭിപ്രായത്തിൽ ഈ രത്നം "രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ചൊരിയുന്ന അവസാനത്തെ തുള്ളി ചോര"യായിരുന്നു. സർക്കാർ സോസ്-എ-വതൻ എന്ന കൃതിയുടെ എല്ലാ പ്രതികളും പിടിച്ചെടുത്ത് കത്തിച്ചു. ഇതിൽ പിന്നെ അദ്ദേഹം പ്രേംചന്ദ് എന്ന തൂലികാനാമം സ്വീകരിച്ചു.

പ്രേംചന്ദ് എന്ന തൂലികാനാമം സ്വീകരിക്കുന്നതിനുമുൻപ് അദ്ദേഹം ഉർദുവിൽ നവാബ്റായ് എന്ന തൂലികാനാമത്തിലാണ് എഴുതിയത്. പ്രേംചന്ദിനു മുൻപ് ഹിന്ദി സാഹിത്യം പ്രധാനമായും മതപരമായ കൃതികളിലും ഫാന്റസി കഥകളിലും ഒതുങ്ങിനിന്നു. പ്രേംചന്ദാണ് റിയലിസം ഹിന്ദി സാഹിത്യത്തിലേക്ക് കൊണ്ടുവന്നത്. 300-ൽ അധികം ചെറുകഥകളും ഒരു ഡസൻ നോവലുകളും രണ്ട് നാടകങ്ങളും പ്രേംചന്ദ് രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കഥകൾ ക്രോഡീകരിച്ച് മാൻസരോവർ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1921-ൽ മഹാത്മാഗാന്ധിയുടെ ആഹ്വാനം ചെവിക്കൊണ്ട് പ്രേംചന്ദ് തന്റെ സർക്കാർ ജോലി ഉപേക്ഷിച്ചു. ഒരു അച്ചടിശാലയുടെ പ്രൊപ്രൈറ്റർ ആയും സാഹിത്യ - രാഷ്ട്രീയ പ്രസിദ്ധീകരണങ്ങളായ ജാഗരൺ, ഹാൻസ് എന്നിവയുടെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു. ബോംബെ ചലച്ചിത്രലോകത്തെ ഒരു തിരക്കഥാകൃത്തായി അദ്ദേഹം ഒരു ചുരുങ്ങിയ കാലയളവിൽ പ്രവർത്തിച്ചു. ചലച്ചിത്ര ലോകത്തെ കുറിച്ച് പ്രേംചന്ദിന് നല്ല അഭിപ്രായം ഉണ്ടായിരുന്നില്ല. മസ്ദൂർ (തൊഴിലാളി) എന്ന ചിത്രത്തെക്കുറിച്ച് പ്രേംചന്ദ് - “സിനിമയിൽ എല്ലാം സംവിധായകനാണ്. തൂലികയേന്തുമ്പോൾ എഴുത്തുകാരൻ രാജാവായിരിക്കാം, പക്ഷേ സംവിധായകന്റെ സാമ്രാജ്യത്തിലെ ഒരു സാധാരണ പ്രജ മാത്രമാണ് കഥാകൃത്ത്...ഞാൻ വിഭാവനം ചെയ്യുന്ന രംഗങ്ങളിൽ ആശയങ്ങളും മൂല്യങ്ങളും കടന്നുവരുന്നു. അവയിൽ കാണികളെ രസിപ്പിക്കുന്ന ഒന്നുംതന്നെ ഇല്ല എന്ന് സംവിധായകൻ എന്നോടുപറയുന്നു”.

പ്രേംചന്ദിന്റെ ആദ്യവിവാഹം ഒരു ദുരന്തമായിരുന്നു. രണ്ടാമത് പ്രേംചന്ദ് ശിവറാണി ദേവി എന്ന ബാലവിധവയെ വിവാഹം ചെയ്തു. ഇന്ത്യയിൽ അന്ന് ഇതൊരു പാപമായി കരുതിയിരുന്നു. പ്രേംചന്ദിന് മൂന്നു കുട്ടികൾ ഉണ്ടായിരുന്നു - ശ്രീപദ് റായ്, അമൃത് റായ്, കംലാ ദേവി ശ്രീവാസ്തവ

സാമ്പത്തികമായി വളരെ കഷ്ടപ്പെട്ടാണ് പ്രേംചന്ദ് ജീവിച്ചത്. ഒരിക്കൽ അല്പം വസ്ത്രങ്ങൾ വാങ്ങാൻ രണ്ടര രൂപ ലോൺ എടുത്ത പ്രേംചന്ദിന് ഇതു തിരിച്ചടയ്ക്കാൻ മൂന്നുവർഷം കഷ്ടപ്പെടേണ്ടിവന്നു.

തന്നെക്കുറിച്ച് എന്താണ് ഒന്നും എഴുതാത്തത് എന്നുചോദിച്ചപ്പോൾ പ്രേംചന്ദ് ഇങ്ങനെ മറുപടി പറഞ്ഞു: "ആരോടെങ്കിലും പറയാൻ എന്നിൽ എന്തു മഹത്ത്വമാണുള്ളത്? ഈ രാജ്യത്തെ ലക്ഷക്കണക്കിന് ആളുകളെപ്പോലെ ഞാൻ ജീവിക്കുന്നു. ഞാനൊരു സാധാരണക്കാരനാണ്. എന്റെ ജീവിതവും വളരെ സാധാരണമാണ്. കുടുംബജീവിതത്തിന്റെ കഷ്ടതകൾ അനുഭവിക്കുന്ന ഒരു പാവപ്പെട്ട സ്കൂൾ അദ്ധ്യാപകനാണ് ഞാൻ. എന്റെ ജീവിതകാലം മുഴുവൻ ഞാൻ എന്റെ കഷ്ടപ്പാടുകളിൽ നിന്ന് മോചിതനാവും എന്ന പ്രതീക്ഷയിൽ ഞരങ്ങി. പക്ഷേ എനിക്ക് എന്നെ കഷ്ടതകളിൽ നിന്ന് വിടുവിക്കുവാൻ കഴിഞ്ഞില്ല. ഈ ജീവിതത്തിൽ ആരോടെങ്കിലും പറയുവാൻ എന്താണ് പ്രത്യേകമായിട്ടുള്ളത്?".

പ്രശസ്ത കഥകൾ

പഞ്ച് പരമേശ്വർ (पंच परमेश्वर پنچ پرمیشور) , ഈദ്ഗാഹ് (ईदगाह اِیدگاہ)

ഹാമിദ് എന്ന് പേരായ ഒരു അനാഥ ബാലന്റെ ഹൃദയസ്പർശിയായ കഥ പറയുന്ന പ്രേംചന്ദിന്റെ സൃഷ്ടിയാണ് ഈദ്ഗാഹ്. തന്റെ മുത്തശ്ശിയുമായി ജീവിക്കുകയാണ് ഹാമിദ്. ഈദ് ദിനത്തിൽ പ്രാർഥനക്കായി പോകുന്ന മൈതാനമാണ് ഈദ്ഗാഹ്. ഹാമിദ് തന്റെ കൂട്ടുകാരുമൊന്നിച്ച് ഈദ് ദിനത്തിൽ ചന്തയിലേക്ക് പോകുന്നു. കൂടെയുള്ള കൂട്ടുകാർ മിട്ടായിയും ചോക്ലേറ്റും ,കളിപ്പാട്ടങ്ങളും വാങ്ങുമ്പോൾ ,ചപ്പാത്തി ചുടുമ്പോൾ കണവയില്ലാത്തതിനാൽ കൈവിരലുകൾ പൊള്ളിയ തന്റെ മുത്തശ്ശിയെയാണ് ഹാമിദ് ഓർക്കുന്നു. തന്റെ കയ്യിലുള്ള കുറച്ചു കാശുമായി കണവക്കുവേണ്ടി വില്പനക്കാരനുമായി വിലപേശുകയാണ് ഹാമിദ്. മിട്ടായിയോ കളിപ്പാട്ടമോ വാങ്ങുന്നതിനു പകരം കണവ വാങ്ങുന്ന ഹാമിദിനെ കളിയാക്കുന്നു അവന്റെ കൂട്ടുകാർ.വീട്ടിൽ തിരിച്ചെത്തിയ ഹാമിദിനെ തനിക്ക് ഒരു സാധനം വേടിക്കാൻ കണ്ടത് എന്ന് വിചാരിച്ച് മുത്തശ്ശി അവനെ ആദ്യത്തിൽ വഴക്കുപറഞ്ഞെങ്കിലും പിന്നീട് ഹാമിദിന്റെ യഥാർത്ഥ ചിന്താഗതിയെ തിരിച്ചറിയുന്ന മുത്തശ്ശിക്ക് ഹാമിദിന്റെ പ്രവൃത്തി ഹൃദയ്സ്പൃക്കായി അനുഭവപ്പെടുന്നു.

# സ്കൂൾ ഫോട്ടോ കളിലൂടെ

നവീകരിച്ച സ്കൂൾ ലൈബ്രറി





# ലിറ്റിൽ കൈറ്റ്സ് ടീം
# മാഗസിൻ ഡിടിപി പ്രവർത്തനത്തിൽ



കോറോണ വൈറസ് ബോധവത്കരണ ക്ലാസ്



# സ്കൂൾ പച്ചക്കറിത്തോട്ടം വിളവെടുപ്പ്





